"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം **2006 - 2008** വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവിൽ ശ്രീമതി ഷീബ ഡി ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.**7/2026/GAD** തീയതി,തിരുവനന്തപുരം, **16-01-2026**

---

പരാമർശം:- **1. 04/05/1985** ലെ സ.ഉ.(കൈ)നം. **161/85**/ജിഎഡി.

**2. 13/06/1985** ലെ സ.ഉ.(പി) നം. **216/85**/ജിഎഡി.

**3. 22/08/1985** ലെ സ.ഉ.(പി) നം. **361/85**/ജിഎഡി.

**4. 20/05/2006** ലെ സ.ഉ.(കൈ) നം. **127/2006**/ജിഎഡി.

**5. 17/09/2009** ലെ സ.ഉ.(പി) നം. **170/2009**/ജിഎഡി.

**6. 04/09/2010** ലെ **72859**/എസ്ഡി**1/2009**/പൊഭവ.

**7. 24/09/2011** ലെ സ.ഉ.(സാധാ) നം. **7230/2011**/ജിഎഡി.

**8. 02/06/2012** ലെ സ.ഉ.(കൈ) നം. **134/2012**/ജിഎഡി.

**9. 20/06/2013** ലെ സ.ഉ.(സാധാ) നം. **5042/2013**/ജിഎഡി.

**10. 23/07/2014** ലെ സ.ഉ.(പി) നം. **206/2014**/ജിഎഡി.

**11. OP(KAT) No. 4150/2013** ഹർജിയിലെ **11/12/2019** ലെ ഉത്തരവ്.

**12.** ശ്രീമതി ഷീബ ഡി **05/11/2020**ൽ സമർപ്പിച്ച നിവേദനം.

**13. 25/02/2021** ലെ സ.ഉ.(കൈ) നം. **65/2021**/ജിഎഡി.

**14.** ശ്രീമതി ഷീബ ഡി **10/04/2025** ൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്നതിനായി സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്നിവയിൽ ഓരോ വർഷവും പരമാവധി **20** നിയമനങ്ങൾ നടത്തുന്നതിന് പരാമർശം **(1)** പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അധികാര പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനായി പരാമർശം **(2)** ലെ ഉത്തരവ് പ്രകാരം കേരള

പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ) റെഗുലേഷൻസ്, 1957 ഭേദഗതി ചെയ്യുകയുണ്ടായി. പരാമർശം (3) ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി സർക്കാർ അംഗീകരിക്കുകയും ഈ പദ്ധതിക്ക് കീഴിലുള്ള വിവിധ തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പ് രീതികൾ നിർദ്ദേശിക്കുകയുമുണ്ടായി. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരാകുന്ന ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകൾ 2009 വർഷം മുതൽ 50 ആയി വർദ്ധിപ്പിക്കുകയുണ്ടായി.

2. 2006 മുതൽ 2008 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 60 ഒഴിവുകളിലേക്കും 2009 വർഷത്തിലെ 50 ഒഴിവുകളിലേക്കും വിവിധ തസ്തികകളിൽ നിയമനത്തിനായി അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരാമർശം (6) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾ പ്രകാരം 2006 - 2008 വർഷങ്ങളിലെ 60 ഒഴിവുകളിൽ 3 എണ്ണം ഹോക്കി, സൈക്കിൾപോളോ, ഖോ-ഖോ, ക്രിക്കറ്റ്, ഫെൻസിംഗ്, കബഡി, സോഫ്റ്റ്ബോൾ, ആർച്ചറി, റൈഫിൾ ഷൂട്ടിംഗ് എന്നീ 9 കായികയിനങ്ങൾക്കായി നീക്കിവെച്ചിരുന്നു. പ്രസ്തുത വിഭാഗത്തിൽ പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ 3 പേരെയും റിസർവ്വ് ലിസ്റ്റിൽ 4 പേരെയും ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിരുന്നു.

**മെയിൻ ലിസ്റ്റ്**

1. ഒമർ ഷെരീഫ് കെ ബി
2. അനുമോൾ ജോസഫ്
3. ആതിര രാമചന്ദ്രൻ

**റിസർവ്വ് ലിസ്റ്റ്**

1. ധന്യ എ
2. ഷീബ ഡി
3. രജിത ആർ
4. സുജിത ജി

3. 2006 - 2008 കാലയളവിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലാതിരുന്ന ബീച്ച് കബഡി താരമായ ശ്രീ. ഒമർ ഷെരീഫ് കെ ബി യെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെതിരെ നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ മെയിൻ ലിസ്റ്റിൽ നിന്നും ശ്രീ. ഒമർ ഷെരീഫ് കെ ബി-യെ മാറ്റി നിർത്തി മറ്റ് രണ്ട് പേർക്കും പരാമർശം (8) പ്രകാരം നിയമനം നൽകുകയുണ്ടായി. ശ്രീ. ഒമർ ഷെരീഫ് കെ ബി യെ സെലക്ട് ലിസ്റ്റിൽ

ഉൾപ്പെടുത്തിയതിനെതിരെ ലഭിച്ച പരാതികളിന്മേൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുകയും **20/03/2013** ന് ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗം ടിയാനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഹോക്കി, സൈക്കിൾ പോളോ, ഖോ-ഖോ, ക്രിക്കറ്റ്, ഫെൻസിംഗ്, കബഡി, സോഫ്റ്റ്ബോൾ, ആർച്ചറി, റൈഫിൾ ഷൂട്ടിംഗ് എന്നീ **9** കായികയിനങ്ങൾക്കായുള്ള സെലക്ട് ലിസ്റ്റ് പരാമർശം **(9)** പ്രകാരം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി.

**മെയിൻ ലിസ്റ്റ്**

1. അനുമോൾ ജോസഫ്
2. ആതിര രാമചന്ദ്രൻ
3. ധന്യ എ

**റിസർവ്വ് ലിസ്റ്റ്**

1. ഷീബ ഡി
2. രജിത ആർ
3. സുജിത ജി

**4.** സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതിനെതിരെ ശ്രീ. ഒമർ ഷെരീഫ് കെ ബി **OA 1646/2013** ഫയൽ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ഹർജി **11/10/2013** ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തള്ളിയിരുന്നു. ശ്രീ. ഒമർ ഷെരീഫ് കെ ബി യെ ഒഴിവാക്കിയ ശേഷം സെലക്ട് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കേണ്ടത് ശ്രീമതി ധന്യ എ-യ്ക്കായിരുന്നു. ശ്രീമതി ധന്യ എ യ്ക്ക് പരാമർശം **(8)** പ്രകാരം **2009** വർഷത്തെ ഒഴിവിൽ നിയമനം ലഭിച്ചതിനാൽ റിസർവ്വ് പട്ടികയിൽ ഒന്നാമതുള്ള ശ്രീമതി ഷീബ ഡി-യ്ക്കായിരുന്നു നിയമനം ലഭിക്കാനർഹതയുണ്ടായിരുന്നത്. ടിയാളെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരവെ ശ്രീ. ഒമർ ഷെരീഫ് കെ ബി ബഹു. ഹൈക്കോടതിയിൽ **OP(KAT)** ഫയൽ ചെയ്തതിനാൽ നിയമനം സംബന്ധിച്ച നടപടികളെല്ലാം നിർത്തിവെച്ചിരുന്നു. ടി ഹർജി പരാമർശം **(11)** പ്രകാരം ബഹു. ഹൈക്കോടതി തീർപ്പാക്കിയിരുന്നു. തുടർന്ന് **2006 - 2008** വർഷത്തെ ശേഷിക്കുന്ന ഒഴിവിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് ശ്രീമതി ഷീബ ഡി പരാമർശം **(12)** പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം പരിശോധിച്ചുവരവെ ടിയാൾക്ക് **2015** ലെ ദേശീയ ഗെയിംസിൽ മെഡൽ നേടിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം **(13)** പ്രകാരം കായിക യുവജനകാര്യ വകുപ്പിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചിരുന്നു. എന്നാൽ കായിക യുവജനകാര്യ വകുപ്പിൽ നാളിതുവരെ റെഗുലറൈസ് ചെയ്തിട്ടില്ലെന്നും നിലവിലും സൂപ്പർന്യൂമററി തസ്തികയിലാണ് ജോലി ചെയ്തുവരുന്നതെന്നും ആയതിനാൽ **2006 - 2008** വർഷത്തെ ഒഴിവിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് ശ്രീമതി ഷീബ ഡി പരാമർശം **(14)** പ്രകാരം

സർക്കാരിൽ വീണ്ടും നിവേദനം സമർപ്പിക്കുകയുണ്ടായി.

**5.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ഒമർ ഷെരീഫ് കെ ബി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിമൂലമാണ് ശ്രീമതി ഷീബ. ഡി-യുടെ **2006 - 2008** വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനം തടസ്സപ്പെട്ടതെന്നതും പ്രസ്തുത ഹർജി ബഹു. ഹൈക്കോടതി തീർപ്പാക്കിയിട്ടുള്ളതും പരിഗണിച്ച്, **2006 - 2008** വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ഹോക്കി, സൈക്കിൾ പോളോ, ഖോ-ഖോ, ക്രിക്കറ്റ്, ഫെൻസിംഗ്, കബഡി, സോഫ്റ്റ്ബോൾ, ആർച്ചറി, ഷൂട്ടിംഗ് എന്നീ **9** കായികയിനങ്ങൾക്കായി നീക്കിവച്ചിരുന്ന **3** ഒഴിവുകളിൽ ശേഷിക്കുന്ന ഒഴിവിൽ പരാമർശം **(9)** പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കാനർഹതയുള്ള ശ്രീമതി ഷീബ ഡി, പടലിക്കാട് ഹൗസ്, കൊട്ടേക്കാട് പി ഒ, പാലക്കാട്. **678732** -യ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ **26,500-60,700** രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6.** ശ്രീമതി ഷീബ ഡി യുടെ നിയമനം പരാമർശം **(10)** ഉത്തരവിലെ അപ്പെന്റിക്സിലെ ഖണ്ഡിക **(13), (14)** എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

***"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.***

***(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (i) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."***

**7.** തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീമതി ഷീബ ഡി യ്ക്ക് ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ റെഗുലർ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. നിയമന ഉത്തരവ് നൽകുന്നതിന് മുൻപ് ഈ റെഗുലർ നിയമനത്തിന് സീനിയോറിറ്റിക്കോ മറ്റു സേവനാകൂല്യങ്ങൾക്കോ ഭാവിയിൽ മുൻകാല പ്രാബല്യത്തിനായി യാതൊരു അവകാശവാദവും ഉന്നയിക്കില്ലെന്ന് ശ്രീമതി ഷീബ ഡി യിൽ നിന്നും ഒരു സത്യവാങ്മൂലം വാങ്ങേണ്ടതാണ്. കായിക യുവജനകാര്യ വകുപ്പിലെ സൂപ്പർന്യൂമററി തസ്തികയിൽ നിന്നും വിടുതൽ ചെയ്ത ശേഷം മാത്രമേ പ്രിൻസിപ്പൽ ഡയറക്ടർ ടിയാൾക്ക് നിയമന ഉത്തരവ് നൽകാൻ പാടുള്ളൂ. സൂപ്പർന്യൂമററി തസ്തികയിലെ സേവനകാലയളവ്, റെഗുലർ തസ്തികയിലെ

നിയമനത്തിന് ശേഷമുള്ള യാതൊരു സേവന ആനുകൂല്യങ്ങൾക്കും കണക്കാക്കുന്നതായിരിക്കില്ല. ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയ വിവരവും ശ്രീമതി ഷീബ ഡി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ പ്രസ്തുത വിവരവും പ്രിൻസിപ്പൽ ഡയറക്ടർ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**8.** തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തിയാൽ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ശ്രീമതി ഷീബ ഡി, പടലിക്കാട് ഹൗസ്, കൊട്ടേക്കാട് പി ഒ, പാലക്കാട്. **678732. (Speed Post with acknowledgement)**
2. പ്രിൻ സിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
4. ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ്. **14/01/2026** *ലെ ഇനം നം.* ***3534*** *പ്രകാരം*)
6. ധനകാര്യ (വ്യയം - എ) വകുപ്പ്. (***20/06/2025*** *ലെ* ***EXP-A2/45/2021-FIN*** *പ്രകാരം*)
7. നിയമ (ഒപ്പീനിയൻ - ഇ) വകുപ്പ്. (***03/07/2025*** *ലെ* ***OPN-E3/174/2025-LAW*** *പ്രകാരം*)
8. കായിക യുവജനകാര്യ (എ) വകുപ്പ്.
9. തദ്ദേശ സ്വയംഭരണ വകുപ്പ്.
10. ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്. ( *സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി*)
11. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് ( *എസ്ഡി1/4/2020/പൊഭവ*)

*ഉത്തരവിൻ പ്രകാരം*

Signed by
Badusha S
Date: 16-01-2026 16:59:27

*സെക്ഷൻ ഓഫീസർ*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-01-2026

ഫയൽ നം. എസ്.ഡി.1/4/2020/പൊ.ഭ.വ. ഇനം നം: 3534

വിഷയം : പൊതുഭരണ വകുപ്പ് - 2006-2008 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവെച്ചിരിക്കുന്ന ഒഴിവിൽ, ശ്രീ. ഒമർ ഷെരീഫ് കെ. ബി. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT)4150/2013 ഹർജിയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താതിരുന്ന ഒഴിവിലേയ്ക്ക് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ്.ഡി.1/4/2020-പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | 2006-2008 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വെച്ചിരിക്കുന്ന ഒഴിവിൽ, ശ്രീ. ഒമർ ഷെരീഫ് കെ ബി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) 4150/2013 ഹർജിയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താതിരുന്ന ഒഴിവിലേക്ക് നിയമനം നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/09/2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/11/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30/12/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 08/01/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/01/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 14/01/2026 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ.(കൈ) നം. 7/2025/GAD, 16/01/2026 |

## <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

2006-2008 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വെച്ചിരിക്കുന്ന ഒഴിവിൽ, ശ്രീ. ഒമർ ഷെരീഫ് കെ ബി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) 4150/2013 ഹർജിയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താതിരുന്ന ഒഴിവിലേക്ക് നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) 22.08.1985 ലെ സ.ഉ.(പി)നം.361/85/പൊ.ഭ.വ. പ്രകാരം ഒരു കലണ്ടർ വർഷം പരമാവധി 20 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 17.09.2009 ലെ സ.ഉ.(പി)നം.170/2009/പൊ.ഭ.വ. പ്രകാരം സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായുള്ള ഒഴിവുകൾ 50 ആയി വർദ്ധിപ്പിക്കുകയുണ്ടായി. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷകൾ ക്ഷണിച്ചാണ് ഈ ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നത്.

3) 04.09.2010 ലെ 72859/എസ്.ഡി.1/09/പൊ.ഭ.വ. വിജ്ഞാപന പ്രകാരം 2006-2008 വർഷങ്ങളിലെ 60 ഒഴിവുകളിലേക്കും, 2009 ലെ 50 ഒഴിവുകളിലേക്കും അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. 2006-2008 വർഷങ്ങളിലേക്കുള്ള മാനദണ്ഡങ്ങൾ പ്രകാരം ഹോക്കി, സൈക്കിൾ പോളോ, ഖോ-ഖോ, ക്രിക്കറ്റ്, ഫെൻസിംഗ്, കബഡി, സോഫ്റ്റ്ബോൾ, ആർച്ചറി, ഷൂട്ടിംഗ് എന്നീ ഒൻപത് കായികയിനങ്ങൾക്കായി ആകെ 3 ഒഴിവുകളാണ് നീക്കി വെച്ചിരുന്നത്. 24.09.2011 ലെ സ.ഉ.(സാധാ)നം.7230/2011/പൊ.ഭ.വ. പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ 3 പേരെയും റിസർവ്വ് ലിസ്റ്റിൽ 4 പേരെയും ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിരുന്നു.

**<u>മെയിൻ ലിസ്റ്റ്</u>**

1. ഒമർ ഷെരീഫ് കെ ബി
2. അനുമോൾജോസഫ്
3. ആതിര രാമചന്ദ്രൻ

**<u>റിസർവ്വ് ലിസ്റ്റ്</u>**

1. ധന്യ എ
2. ഷീബ ഡി
3. രജിത ആർ
4. സുജിത ജി

4) സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ശ്രീ. ഒമർ ഷെരീഫിനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെതിരെ നിരവധി പരാതികൾ ലഭിക്കുകയുണ്ടായി. ശ്രീ. ഒമർ ഷെരീഫ് കെ ബി ബീച്ച് കബഡി താരമാണെന്നും അതിന് 2006 –2008 കാലയളവിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലെന്നും പരാതികളിൽ ആരോപിച്ചിരുന്നു. കൂടാതെ ശ്രീമതി ഷീബ ഡി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 2107/2012 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ഈ വിഷയത്തിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും 20.03.2013 ന് ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗം ശ്രീ. ഒമർ ഷെരീഫിനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീമതി ധന്യ എ മെയിൻ ലിസ്റ്റിൽ 3–ാമതായും ശ്രീമതി ഷീബ ഡി റിസർവ്വ് ലിസ്റ്റിൽ 1–ാമതായും ഉൾപ്പെടുകയുണ്ടായി. സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതിനെതിരെ ശ്രീ. ഒമർ ഷെരീഫ് കെ ബി OA 1646/2013 ഫയൽ ചെയ്തിരുന്നുവെങ്കിലും 11.10.2013 ൽ ടി ഹർജി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തള്ളിയിരുന്നു.

5) 02.06.2012 ലെ സ.ഉ.(കൈ)നം.134/2012/പൊ.ഭ.വ. പ്രകാരം ശ്രീ. ഒമർ ഷെരീഫിനെ മാറ്റി നിർത്തി സെലക്ട് ലിസ്റ്റിലെ മറ്റ് രണ്ട് പേർക്കും നിയമനം നൽകിയിരുന്നു. അടുത്തതായി നിയമനം ലഭിക്കാൻ അർഹതയുള്ള ശ്രീമതി ധന്യ എ.യ്ക്ക് 2009 വർഷത്തിലെ ഒഴിവിൽ നിയമനം ലഭിച്ചിരുന്നു. തുടർന്ന് 2006–2008 വർഷങ്ങളിലെ ശേഷിക്കുന്ന ഒരു ഒഴിവിലേക്ക് നിയമനം ലഭിക്കാൻ അർഹതയുള്ള വ്യക്തി ശ്രീമതി ഷീബ ഡി. ആയിരുന്നു. ശ്രീമതി ഷീബ ഡി. യ്ക്ക് നിയമനം നൽകുന്ന വിഷയം പരിശോധിച്ചു വരവെ ശ്രീ. ഒമർ ഷെരീഫ് കെ ബി ബഹു. ഹൈക്കോടതിയിൽ OP(KAT)No. 4150/2013 ഫയൽ ചെയ്യുകയുണ്ടായി. ആയതിനാൽ തുടർനടപടികളെല്ലാം നിർത്തി വയ്ക്കുകയും പ്രസ്തുത ഒഴിവ് മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. ബഹു. ഹൈക്കോടതി 11.12.2019 ൽ OP(KAT) 4150/2013 ഹർജി തള്ളിയിരുന്നു. തുടർന്ന് ശേഷിക്കുന്ന ഒരു ഒഴിവിലേക്ക് തനിക്ക് നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ശ്രീമതി ഷീബ ഡി. സർക്കാരിൽ നിവേദനം സമർച്ചിരുന്നു.

6) ശ്രീമതി ഷീബ ഡി. യെ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്ന വിഷയം പരിശോധിച്ചുവരവെ ടിയാൾക്ക് 2015 ലെ 35–ാമത് ദേശീയ ഗെയിംസിലെ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ 25.02.2021 ലെ സ.ഉ.(കൈ)നം.65/2021/പൊ.ഭ.വ. പ്രകാരം കായിക യുവജനകാര്യ വകുപ്പിൽ സൂപ്പർന്യൂമററി ക്ലാർക്കായി നിയമനം ലഭിക്കുകയുണ്ടായി. തുടർന്ന് നിയമ വകുപ്പിന്റെ അഭിപ്രായ പ്രകാരം ടിയാൾക്ക് മറുപടി നൽകി ഫയൽ തീർപ്പാക്കിയിരുന്നു. 10.04.2025 ന് ശ്രീമതി ഷീബ ഡി. 2006–2008 വർഷങ്ങളിലെ നികത്താത്ത ഒഴിവിലേക്ക് നിയമനം

നൽകണമെന്നഭ്യർത്ഥിച്ച കൊണ്ട് സർക്കാരിൽ വീണ്ടും നിവേദനം സമർപ്പിക്കുകയുണ്ടായി. കായിക യുവജനകാര്യ വകുപ്പിലെ ക്ലാർക്ക് തസ്തികയുടെ കേഡർ സ്ട്രെങ്ത് കുറവായതിനാൽ തന്നെ ഇതുവരെയും റെഗുലറൈസ് ചെയ്തിട്ടില്ലായെന്ന് നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ 2015-2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് സൂപ്പർന്യൂമററി ക്ലാർക്കായി ജോലി ചെയ്യുന്ന ടിയാളുടെ സഹപ്രവർത്തകർക്ക് വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ചിട്ടുണ്ടെന്നും നിവേദനത്തിൽ സൂചിപ്പിച്ചിരുന്നു. തുടർന്ന് ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലും നിയമ വകുപ്പിലും അയച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"Sports quota നിയമനത്തിന് 2006-2008 കാലഘട്ടത്തിലെ ആകെ അംഗീകൃത ഒഴിവുകളായ 60 ൽ 59 നിയമനം മാത്രമേ നടത്തിയിട്ടുള്ളൂ. ശ്രീ. ഒമർ ഷെരീഫ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കാരണമാണ് ശ്രീമതി. ഷീബ ഡി.യ്ക്ക് നിയമനം ലഭിക്കാതെ പോയത്. ശ്രീ. ഒമർ ഷെരീഫ് ഫയൽ ചെയ്ത കേസ് ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞു. പ്രസ്തുത വിധിന്യായം വന്ന 11/12/2019 തീയതിയ്ക്ക് ശേഷം ഉടൻ തന്നെ പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കാൻ ശ്രീമതി ഷീബ ഡി. അപേക്ഷ നൽകി. എന്നാൽ 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി, വെങ്കല മെഡൽ ജേതാക്കൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയത് പ്രകാരം വെള്ളി മെഡൽ ജേതാവായ ശ്രീമതി. ഷീബ ഡി. എൽ.ഡി.ക്ലാർക്കായി കായിക യുവജനകാര്യാലയത്തിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ 2021 മാർച്ച് 8 ന് നിയമനം ലഭിച്ചത് കാരണമാണ് 2006 - 2008 കാലഘട്ടത്തിലെ സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം ടിയാരിക്ക് അർഹതപ്പെട്ട നിയമനം ലഭിക്കാതെ പോയത് എന്നീ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ശ്രീമതി ഷീബ ഡി. സമർപ്പിച്ചിരിക്കുന്ന അപേക്ഷ പ്രകാരം ടിയാരി 2006-2008 കാലഘട്ടത്തിലെ sports quota നിയമനത്തിന് അർഹയാണ് എന്ന് കാണുന്നു. എന്നാൽ മുൻകാല പ്രാബല്യത്തിൽ നിയമനം നൽകുന്നത് മറ്റ് ജീവനക്കാരുടെ സീനിയോറിറ്റിയെ ബാധിക്കുകയും കൂടുതൽ വ്യവഹാരങ്ങൾക്ക് വഴി തെളിക്കുകയും ചെയ്യും എന്ന വസ്തുത കണക്കിലെടുത്ത് ശ്രീമതി. ഷീബ ഡി.യ്ക്ക് ഏതെങ്കിലും വകുപ്പിൽ നിലവിലുള്ള ഒഴിവിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിൽ ധന വകുപ്പിന് എതിർപ്പില്ല എന്ന് അറിയിക്കുന്നു. എന്നാൽ നിയമനം നൽകുന്നതിന് മുൻപ് ഭാവിയിൽ മുൻകാല പ്രാബല്യം ആവശ്യപ്പെടില്ല എന്ന സത്യവാങ്മൂലം ടിയാരിയിൽ നിന്നും വാങ്ങണം, ടിയാരിയുടെ സൂപ്പർന്യൂമററി തസ്തികയിലെ സേവനത്തിൽ നിന്നും പുതിയ നിയമന ഉത്തരവ് തീയതിക്ക് മുൻപ് വിടുതൽ ചെയ്യണം. സൂപ്പർന്യൂമററി സേവന കാലയളവ് റഗുലർ തസ്തികയിലെ യാതൊരു സേവന*

*ആനുകൂല്യങ്ങൾക്കും പരിഗണിയ്ക്കില്ല എന്നീ നിബന്ധനകളോടെ മാത്രമേ നിയമനം നൽകാവൂ എന്നും അറിയിക്കുന്നു. 2006-2008 കാലഘട്ടത്തിലെ sports quota നിയമനത്തിൽ ശുപാർശ ചെയ്തിരുന്ന എൽ.ഡി.ക്ലാർക്ക് തസ്തികയിൽ തന്നെ ടി കോടതി വ്യവഹാര കാലയളവിൽ മറ്റൊരു സ്പോർട്സ് ക്വാട്ടയിൽ സൂപ്പർന്യൂമററി തസ്തികയിൽ ശ്രീമതി. ഷീബ ഡി.ക്ക് നിയമനം ലഭിച്ചിട്ടുള്ള സ്ഥിതിക്ക് പുനർനിയമനത്തിന്റെ പ്രസക്തി ഇല്ല എന്ന നിയമ വകുപ്പിന്റെ അഭിപ്രായം നിലനിൽക്കുന്നതിനാൽ ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽ കൂടി തേടണം എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

7) നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"*04/09/2010 തീയതിയിലെ 72859/SD1/2009/GAD വിജ്ഞാപനത്തിലെ ഖണ്ഡികകൾ 2.2, 2.2(a), 4.1 ചുവടെ പറയും പ്രകാരമാണ്:*

*" 2.2 Number of vacancies - The present selection is for 110 vacancies in which 60 vacancies (20 vacancies per year) which are pending appointment for the years 2006 to 2008 and 50 vacancies for the year 2009. The appointment will be done on the basis of the vacancies apportioned among disciplines as shown in Annexure-I,I(a).*

*2.2(a) The Government shall on the recommendation of the Committee revise the appointment of posts mentioned in Annexure-I,I(a) to make the entire pending appointments in full, if sports persons are not available to fill the vacancies already apportioned as shown in Annexure-I,I(a) among other disciplines which remain to be apportioned.*

*4. Appointment*

*4.1 The selected sports persons who wish to pursue sports will be appointed against the supernumerary posts to be created to accommodate them in departments. They shall be absorbed against regular posts in the departments on completion 35 years of age or on retirement from active sports whichever is earlier.---"*

*2. അനുബന്ധം I,I(a)-ലെ ഓരോ disciplines-നായി വിഭജിച്ചിട്ടുള്ള ഒഴിവുകളുടെയടിസ്ഥാനത്തിലായിരിക്കണം നിയമനങ്ങൾ നടത്തേണ്ടത്. എന്നാൽ, ഇപ്രകാരം ഒരു*

*discipline-നായി വിഭജിച്ചിട്ടുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി കായികതാരങ്ങൾ ഇല്ലാത്ത പക്ഷം, വിജ്ഞാപനം പ്രകാരമുള്ള എല്ലാ ഒഴിവുകളിലും നിയമനങ്ങൾ പൂർണ്ണമാക്കുന്നതിനായി, മറ്റ് disciplines-നുകളിൽ നിന്നും നിയമനം നടത്തുന്നതിനായി സർക്കാരിന് കമ്മിറ്റിയുടെ ശിപാർശയുടെയടിസ്ഥാനത്തിൽ അനുബന്ധം I,I(a)-ലെ നിയമനങ്ങൾ revise ചെയ്യാവുന്നതാണെന്നാണ് ഖണ്ഡിക 2.2(a) വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തുത ഒഴിവിലേക്ക് മറ്റ് നിയമങ്ങളൊന്നും നടന്നിട്ടില്ലാത്തതും 2006-2008 കാലയളവിൽ 50 ഒഴിവുകളാണെന്നും, ശേഷിക്കുന്ന 1 ഒഴിവിലേയ്ക്കാണ് ശ്രീമതി. ഷീബ ഡി.-യ്ക്ക് അർഹതയുണ്ടെന്നും ഭരണ വകുപ്പിന്റെ ഫയലിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി, വെങ്കല മെഡൽ ജേതാക്കൾക്ക് സർക്കാർ സർവ്വീസിൽ എ.ൽ. ഡി. ക്ലാർക്ക് തസ്തികകളിൽ സൂപ്പർന്യൂമററിയായി 26/08/2019 തീയതിയിലെ G.O (Ms) No. 7/2019/S&YA ഉത്തരവ് പ്രകാരം നിയമനം നൽകിയത് പ്രകാരം വെള്ളി മെഡൽ ജേതാവായ ശ്രീമതി. ഷീബ ഡി. എൽ.ഡി.ക്ലാർക്കായി കായിക യുവജനകാര്യാലയത്തിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഷീബയുടെ ആവശ്യം ഖണ്ഡികകൾ 2.2, 2.2(a), 4.1 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കുന്നത് സംബന്ധിച്ച് ഭരണവകുപ്പിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.*

8) 2006 – 2008 വർഷങ്ങളിലെ ആകെ 60 ഒഴിവുകളിൽ 59 ഒഴിവുകൾ മാത്രമേ നാളിതുവരെ നികത്തിയിട്ടുള്ളൂ. നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | തീയതി | ആകെ നിയമനങ്ങൾ | ജോലിയിൽ പ്രവേശിച്ചവർ |
|---|---|---|---|---|
| 1 | സ.ഉ. (കൈ) നം. 134/2012/പൊഭവ | 02/06/2012 | 56 | 53 |
| 2 | സ.ഉ. (കൈ) നം. 257/2012/പൊഭവ | 28/09/2012 | 2 | 2 |
| 3 | സ.ഉ. (കൈ) നം. 40/2013/പൊഭവ | 16/02/2013 | 1 | 1 |
| 4 | സ.ഉ. (കൈ) നം. 76/2013/പൊഭവ | 18/03/2013 | 1 | 1 |
| 5 | സ.ഉ. (കൈ) നം. 22/2014/പൊഭവ | 27/01/2014 | 1 | 1 |
| 6 | സ.ഉ. (കൈ) നം. 231/2014/പൊഭവ | 22/08/2014 | 1 | 1 |
| ആകെ | | | | **59** |

ഹോക്കി, സൈക്കിൾ പോളോ, ഖോ ഖോ, ക്രിക്കറ്റ്, ഫെൻസിംഗ്, കബഡി, സോഫ്റ്റ്ബോൾ, ആർച്ചറി, ഷൂട്ടിംഗ് എന്നീ 9 കായികയിനങ്ങൾക്കായി വിഭജിച്ചിട്ടുള്ളതിൽ ശേഷിക്കുന്ന ഒരു ഒഴിവിലേക്ക് തനിക്ക് നിയമനം നൽകണമെന്നാണ് ശ്രീമതി ഷീബ ഡി അഭ്യർത്ഥിച്ചിട്ടുള്ളത്. നിയമനം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നതിനാൽ പ്രസ്തുത ഒഴിവ് തുടർന്നുള്ള വർഷങ്ങളിലേക്ക് കൂട്ടിച്ചേർത്തിട്ടില്ല. ശ്രീമതി ഷീബ ഡി ക്ക് ശേഷം സെലക്റ്റ് ലിസ്റ്റിൽ കായികതാരങ്ങളുണ്ടായിരുന്നതിനാൽ വിജ്ഞാപനത്തിലെ 2.2(എ) പ്രകാരം മറ്റ് കായികയിനങ്ങൾ കൂട്ടിച്ചേർക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല. 20/05/2006 ലെ സ.ഉ.(കൈ) നം. 127/2006/പൊഭവ ഉത്തരവ് പ്രകാരം മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നവരിൽ സജീവ കായികരംഗത്ത് തുടരാനാഗ്രഹിക്കുന്നവരെ സൂപ്പർന്യൂമററി തസ്തികയിലാണ് നിയമിക്കുന്നത്. പ്രസ്തുത സൂപ്പർന്യൂമററി തസ്തികകൾ ബന്ധപ്പെട്ട കായികതാരങ്ങൾക്ക് 35 വയസ് പൂർത്തിയാകുന്നത് വരെയോ അവർ കായികരംഗത്ത് നിന്നും വിരമിക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ തുടരുന്നതാണ്. ശ്രീമതി ഷീബ ഡി യുടെ ജനനത്തീയതി 15/03/1987 ആണ്. ടിയാൾക്ക് ഇതിനോടകം 35 വയസ് പൂർത്തിയായിട്ടുള്ളതിനാൽ റെഗുലർ തസ്തികയിൽ നിയമനം ലഭിക്കാൻ അർഹതയുണ്ട്.

9) തുടർന്ന് ശ്രീമതി ഷീബ ഡി ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്കിന്റെ റെഗുലർ തസ്തികയിൽ നിയമനം നൽകുന്നത് പരിഗണിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

2006 – 2008 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ഹോക്കി, സൈക്കിൾ പോളോ, ഖോ–ഖോ, ക്രിക്കറ്റ്, ഫെൻസിംഗ്, കബഡി, സോഫ്റ്റ്ബോൾ, ആർച്ചറി, ഷൂട്ടിംഗ് എന്നീ 9 കായികയിനങ്ങൾക്കായി മാറ്റിവച്ചിരുന്നതിൽ ശേഷിക്കുന്ന ഒഴിവിലേക്ക് ശ്രീമതി ഷീബ ഡി യെ തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്കിന്റെ റെഗുലർ ഒഴിവിൽ (നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ) ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?

**(എ)** നിയമനം നൽകുന്നതിന് മുൻപ് ഈ റെഗുലർ നിയമനത്തിന് സീനിയോറിറ്റിക്കോ മറ്റു സേവനാനുകൂല്യങ്ങൾക്കോ ഭാവിയിൽ മുൻകാല പ്രാബല്യത്തിനായി യാതൊരു അവകാശവാദവും ഉന്നയിക്കില്ലെന്ന് ശ്രീമതി ഷീബ ഡി യിൽ നിന്നും ഒരു സത്യവാങ്മൂലം വാങ്ങേണ്ടതാണ്.

**(ബി)** പുതിയ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പായി ശ്രീമതി ഷീബ ഡി യെ സൂപ്പർന്യൂമററി തസ്തികയിലെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യണം.

**(സി)** സൂപ്പർന്യൂമററി തസ്തികയിലെ സേവനകാലയളവ്, റെഗുലർ തസ്തികയിലെ നിയമനത്തിന് ശേഷമുള്ള യാതൊരു സേവന ആനുകൂല്യങ്ങൾക്കും കണക്കാക്കുന്നതല്ല.